പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3165 14.07.2015-ൽ മറുപടിയ്ക്ക്

## എനർജി ഓൺ ഇനവേറ്റീവ് സോൺ സംബന്ധിച്ച വിശദാംശങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ലൂഡി ലൂയിസ് :<br>ശ്രീ. കെ. ശിവദാസൻ നായർ :<br>ശ്രീ. എം. പി. വിൻസെന്റ് :<br>ശ്രീ. ടി. എൻ. പ്രതാപൻ : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) K. S. E. B ലിമിറ്റഡ് എനർജി ഓൺ ഇനവേറ്റീവ് സോണിന് രൂപം നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ; | (എ) കെ. എസ്. ഇ. ബി. ലിമിറ്റഡ് കളമശ്ശേരിയിലുള്ള സ്റ്റാർട്ടപ്പ് വില്ലേജിൽ എനർജി ഓപ്പൺ ഇന്നവേഷൻ സോൺ സ്ഥാപിച്ചിട്ടുണ്ട്. |
| (ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് വിശദമാക്കാമോ ; | (ബി) വൈദ്യുതിയുടെ ഉത്പാദന പ്രസരണ വിതരണ മേഖലകളിലെ ചെലവ് ചുരുക്കുന്നതിനും വൈദ്യുതി ലാഭിക്കുന്നതിനും നൂതന ആശയങ്ങളുള്ളവരെ പ്രോത്സാഹിപ്പിക്കുന്നതിനും ഈ മേഖലയിൽ ഗവേഷണങ്ങൾ നടത്തുന്നതിനുമായാണ് എനർജി ഓപ്പൺ ഇന്നവേഷൻ സോൺ സ്ഥാപിച്ചത്. നൂതന ആശയങ്ങളുള്ള തിരഞ്ഞെടുക്കപ്പെട്ട പ്രതിഭകൾക്ക് അവരുടെ ആശയങ്ങൾ പ്രാവർത്തികമാക്കുന്നതിന് സാങ്കേതികവും സാമ്പത്തികവുമായ സഹായം എനർജി ഓപ്പൺ ഇന്നവേഷൻ സോൺ വഴി നൽകുന്നു. |
| (സി) ഇത് നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ? | (സി) 12-06-2013-ലെ സർക്കാർ ഉത്തരവ് പ്രകാരം സ്റ്റാർട്ട് അപ്പ് വില്ലേജിൽ എനർജി ഓപ്പൺ ഇന്നവേഷൻ സോൺ സ്ഥാപിക്കുന്നതിനായുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. നൂതന ആശയങ്ങൾ ഉള്ള തെരെഞ്ഞെടുക്കപ്പെട്ട പ്രതിഭകൾക്ക് അവരുടെ ആശയങ്ങൾ പ്രാവർത്തികമാക്കുന്നതിനായുള്ള സാമ്പത്തിക സഹായം നൽകുന്നതിന് 07-08-2014-ലെ സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയുട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.